കേരള സർക്കാർ

നം 382/ഡി സി.1/17/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 31.07.2017

**സർക്കുലർ**

വിഷയം: ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ 2017 ആഗസ്റ്റ് 15 ന നടത്തുന്ന 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' പ്രഖ്യാപനത്തിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി നടത്തുന്ന ക്യാമ്പയിൻ വിജയകരമായി സംഘടിപ്പിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് നിർദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന: ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നതിനു ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 27.07.2017 ന് ചേർന്ന യോഗത്തിലെ തീരുമാനം

സമഗ്ര മാലിന്യ പരിപാലനപദ്ധതി രൂപീകരിക്കുന്നതിനു വേണ്ടി ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ക്യാമ്പയിനിൽ 2017 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 13 വരെ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിച്ച് ഗൃഹസന്ദർശനം നടത്തുകയാണ്. നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനം നടത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഓരോ വീട്ടിലും, സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഇപ്പോൾ എങ്ങനെ സംസ്കരിക്കുന്നു എന്ന് കണ്ടെത്തണം. ഇത് കൂടാതെ ഉറവിടത്തിൽത്തന്നെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനെ സംബന്ധിച്ച് അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പരിചയപ്പെടുത്തുകയും വേണം. ഇവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവത്കരണവും ഗൃഹ സന്ദർശനത്തിന്റെ ഭാഗമായി നടത്തണം. ഗൃഹ സന്ദർശനത്തിന് 50 വീടുകൾക്ക് 2 പേർ എന്ന കണക്കിൽ സന്നദ്ധ പ്രവർത്തകരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. കുടുംബശ്രീ പ്രവർത്തകർ, സാമൂഹിക - സാംസ്കാരിക സംഘടനകളിലെ പ്രവർത്തകർ, യുവജന സംഘടനകളിലെ പ്രവർത്തകർ എന്നിവരെ ഗൃഹസന്ദർശന സ്ക്വാഡുകളിൽ ഉൾപ്പെടുത്താവുന്നതാണ്. ക്യാമ്പയിൻ വിജയകരമായി സംഘടിപ്പിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സ്ക്വാഡിലെ അംഗങ്ങൾക്കുള്ള പരിശീലനം കില മുഖേന ആഗസ്റ്റ് 4 ന് മുമ്പായി പൂർത്തീകരിക്കണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും സ്ക്വാഡിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങളുടെ പേര് വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ ഹരിത കേരളം ജില്ലാ കോ-ഓർഡിനേറ്റർ / ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന ഹരിത കേരള മിഷനിൽ നൽകേണ്ടതാണ്.
2. ഒരോ വാർഡിലും രൂപീകരിക്കുന്ന സ്ക്വാഡിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഒരു ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ടി ഉത്തരവിന്റെ പകർപ്പ് ജില്ലാ

പ്ലാനിംഗ് ഓഫീസർ / ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർക്ക് നൽകണം.

3. എല്ലാ സ്ക്വാഡ് അംഗങ്ങൾക്കും പരിശീലനം ലഭിച്ചതായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പ് വരുത്തണം. ഗൃഹസന്ദർശനം സംബന്ധിച്ച് പുരോഗതി റിപ്പോർട്ട് ഒരോ ദിവസവും ഇ-മെയിൽ മുഖേന ഹരിത കേരള മിഷന്റെ ഇ-മെയിൽ അഡ്രസ്സിൽ (haritham@kerala.gov.in) അയക്കേണ്ടതാണ്.

4. സ്ക്വാഡുകൾ സർവ്വേ പൂർത്തീകരിച്ചതിനു ശേഷം വാർഡ് തിരിച്ചുള്ള ക്രോഡീകരിച്ച റിപ്പോർട്ട് അടുത്ത ദിവസം തന്നെ തയ്യാറാക്കണം. 2017 ആഗസ്റ്റ് 15 ന് വൈകുന്നേരം 4 മണിമുതൽ 7 മണിവരെ എല്ലാ വാർഡിലും ശുചിത്വസംഗമം നടത്തി വാർഡിലെ മാലിന്യ സംസ്കരണ അവസ്ഥ നിർണ്ണയ റിപ്പോർട്ട് അവതരിപ്പിക്കേണ്ടതും മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന പ്രതിജ്ഞ എടുക്കുകയും വേണം.

5. വാർഡുതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല ശുചിത്വ മാലിന്യപരിപാലന പ്ലാൻ 15/09/2017 ന് മുൻപായി തയ്യാറാക്കണം. ടി പ്ലാനിന്റെയും 15/07/2017 തിയ്യതിയിലെ 2420/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18 ലെ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്. മാലിന്യ സംസ്കരണ പ്രൊജെക്ടുകളിൽ ഭേദഗതി വരുത്താനുള്ള ക്രമീകരണം IKM ചെയ്യേണ്ടതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2017 നവംബർ ഒന്നാം തീയതി മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കേണ്ടതാണ്.

6. സർവ്വേയുടെ ആവശ്യത്തിലേക്ക് പ്രസിദ്ധീകരിക്കേണ്ട ലഘുലേഖയും സർവ്വേ ഫാറവും സംസ്ഥാന ശുചിത്വമിഷൻ 03/08/17 ന് മുമ്പായി അച്ചടിച്ച് ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരെ ഏല്പിക്കേണ്ടതാണ്. തുടർന്നു അതതു ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടി സാമഗ്രികൾ സർവേയ്ക്ക് മുൻപ് എത്തിക്കേണ്ട ഉത്തരവാദിത്വം ജില്ലാ ശുചിത്വമിഷനായിരിക്കും. തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ വാർഡുതല സ്ക്വാഡുകൾക്കാവശ്യമായ സർവ്വേ സാമഗ്രികൾ ബന്ധപ്പെട്ടവർക്ക് യഥാസമയം നൽകേണ്ടതാണ്.

7. ക്യാമ്പയിൻ കാലയളവിൽ നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില്പനയും വിനിയോഗവും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ നിയമ പ്രകാരം നിരോധിക്കപ്പെട്ട എല്ലാ പ്ലാസ്റ്റിക് ഉത്പന്നങ്ങളും പിടിച്ചെടുക്കേണ്ടതും പിഴ ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് അനുബന്ധം 2 ൽ ഹരിത കേരളം മിഷന് എല്ലാ തിങ്കളാഴ്ചയും അയച്ചു കൊടുക്കേണ്ടതാണ്.

8. ക്യാമ്പയിന്റെ പ്രചരണ പ്രവർത്തനങ്ങൾ ഗൃഹസന്ദർശനം തുടങ്ങിയ കാര്യങ്ങൾ സംഘടിപ്പിക്കാൻ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവ് ചെയ്യാവുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണസ്ഥാപനം | അനുവദിക്കാവുന്ന തുക | ഫണ്ട് |
|---|---|---|---|
| 1 | കോർപ്പറേഷൻ | പരമാവധി 5,00,000/-രൂപ (അഞ്ചുലക്ഷംരൂപ) | സ്വച്ച് ഭാരത് അർബന്റെ IEC ഫണ്ട് |
| 2 | മുൻസിപ്പാലിറ്റികൾ | പരമാവധി 1,00,000/- രൂപ (ഒരുലക്ഷം രൂപ ) | സ്വച്ച് ഭാരത് അർബന്റെ IEC ഫണ്ട് |
| 3 | ഗ്രാമ പഞ്ചായത്തുകൾ | പരമാവധി 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ) | സ്വച്ച് ഭാരത് ഗ്രാമീൺ IEC ഫണ്ട് |

ജില്ലാതലപ്രവർത്തനങ്ങൾ മേൽ നിർദ്ദേശിച്ച പ്രകാരം നടത്തുന്നുണ്ടെന്ന് ജില്ലാ കളക്ടർമാർ ഉറപ്പ വരുത്തേണ്ടതാണ്.

എ ഷാജഹാൻ
ഗവ.സെക്രട്ടറി

ജില്ല കളക്ടർമാർ
പഞ്ചായത്ത് ഡയറക്ടർ
നഗര കാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
വൈസ് ചെയർപേഴ് സൺ,ഹരിതകേരളം മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും(നഗര കാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്,ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ് അസോസിയേഷൻ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ചെയർമാൻ,മുനിസിപ്പൽ ചെയർമെൻസ് ചേംബർ(നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ,മേയേർസ് കൗൺസിൽ (നഗരകാര്യ ഡയറക്ടർ മുഖേന)
ആസൂത്രണ സാമ്പത്തികകാര്യ (സി പി എം യു ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അടിയന്തിരമായി ഇ മെയിൽ നല്കുന്നതിനുമായി )
ഡയറക്ടർ,ഐ & പി. ആർ. ഡി /വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു.മുഖ്യമന്ത്രിയുടെ പി എസ് ന്
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ് പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

## അനുബന്ധം - 1

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ക്വാഡിലെ അംഗത്തിന്റെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| | | | |

## അനുബന്ധം - 2

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

| ക്രമ നമ്പർ | തിയതി | പിടിച്ചെടുത്ത പ്ലാസ്റ്റിക് ഉൽപ്പന്നം | ആളവ് | ഈടാക്കിയ പിഴ |
|---|---|---|---|---|
| | | | | |